**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 501** **09-07-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. യിൽ ഉണ്ടാകുന്ന വരുമാന നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇ-കോമേഴ്സ് മുഖാന്തിരം വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് ഈടാക്കുന്ന ജി.എസ്.ടി.യിൽ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടോ; വിശദമാക്കാമോ; | (എ) | നഷ്ടം ഉണ്ടാകുന്നുണ്ട്. സംസ്ഥാനത്ത് ഇ-കൊമേഴ്സ് മുഖാന്തരം വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് സംസ്ഥാനത്തെ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന ഐ.ജി.എസ്.ടി. മറ്റ് സംസ്ഥാനങ്ങളിലെ വ്യാപാരികൾ കൃത്യമായി റിട്ടേൺ ഫയൽ ചെയ്യാത്തതിലൂടെ പൂർണ്ണമായും സംസ്ഥാനത്തിന് ലഭിക്കുന്നില്ല എന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഡാറ്റ അനലിറ്റിക്സ് വിഭാഗം നടത്തിയ പഠനത്തിലൂടെ കണ്ടെത്തുകയും റിട്ടേൺ ഫോമുകളിലെ പരിമിതികളാണ് ഇതിന് ഒരു പരിധിവരെ കാരണമെന്ന് കണ്ടെത്തുകയും ചെയ്തു. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട റിട്ടേൺ ഫോമുകളിൽ ഭേദഗതി വരുത്തണമെന്ന് ജി.എസ്.ടി. കൗൺസിൽ മുമ്പാകെ നിർദ്ദേശം സമർപ്പിക്കുകയും സംസ്ഥാനം സമർപ്പിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അമ്പത്തിമൂന്നാമത് ജി.എസ്.ടി. കൗൺസിൽ ഈ വിഷയം പരിഗണിക്കുകയും തുടർനടപടികൾക്കായി തീരുമാനം എടുക്കുകയും ചെയ്തു. |
| (ബി) | ഒ.ടി.ടി. അടക്കമുള്ള ഓൺലൈൻ സേവനങ്ങൾക്കായി സംസ്ഥാനത്തെ ഉപഭോക്താക്കൾ നൽകുന്ന നികുതിയിൽ നിന്നും സംസ്ഥാനത്തിന് വിഹിതം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഇപ്രകാരമുള്ള സേവനങ്ങളിൽ നിന്നും ലഭിക്കേണ്ട IGST വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുന്നതിലേക്കായി IGST TASK FORCE രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനം നടന്നുവരുന്നതുമാണ്. കൂടാതെ, IGST വിഹിതം ലഭിക്കുന്നതിലുള്ള നടപടിക്രമങ്ങളിലെ ആശങ്കകളും പരാതികളും National Co-Ordination Committee മീറ്റിങ്ങിലും കേന്ദ്ര റവന്യൂ സെക്രട്ടറി മുൻപാകെയും ഉന്നയിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വിഷയം ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഉന്നയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | ഉന്നയിച്ചിട്ടുണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഡാറ്റ അനലിറ്റിക്സ് വിഭാഗം നടത്തിയ പഠനത്തിലൂടെ കണ്ടെത്തിയ റിട്ടേൺ ഫോമുകളിലെ പരിമിതികളും അത് വഴി IGST വിഹിതം ലഭിക്കുന്നതിലുണ്ടാകുന്ന കുറവുകളും വിശദമായി ജി.എസ്.ടി. കൗൺസിൽ മുൻപാകെ അവതരിപ്പിക്കുകയും അത് ശരിയാണ് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഇ-കോമേഴ്സ് ഓപ്പറേറ്റർമാർ ഫയൽ ചെയ്യേണ്ട GST റിട്ടേൺ ഫോറം-8 ൽ Place of supply റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഭേദഗതികൾ അമ്പത്തിമൂന്നാമത് ജി.എസ്.ടി. കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. Place of supply രേഖപ്പെടുത്തുന്നതിലെ കുറവ് കേരളത്തിന് ലഭിക്കേണ്ട IGST വിഹിതം നിർണ്ണയിക്കുന്നതിൽ അധികാരികൾക്ക് പ്രയാസം നേരിട്ടിരുന്നു. ഇത് കേരളത്തിന്റെ ഇടപെടലിലൂടെ പരിഹരിക്കാൻ കഴിയുകയും ഇ-കോമേഴ്സ് മുഖാന്തരം വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് ഈടാക്കുന്ന ജി.എസ്.ടി. സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ എന്ന് ഒരു പരിധിവരെ നിരീക്ഷിക്കാനും ഇത് വഴി ഇനി കഴിയും. |

സെക്ഷൻ ഓഫീസർ